**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2516** **27-02-2023 - ൽ മറുപടിയ്ക്ക്**

**മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഓൺലൈൻ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മൈനിംഗ് ആന്റ് വകുപ്പ് മുഖേനയുള്ള എല്ലാ സേവനങ്ങൾക്കും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ജനങ്ങൾക്ക് സീനിയോറിറ്റി പ്രകാരം സേവനങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | സേവനാവകാശ നിയമപ്രകാരം പൊതുജനങ്ങൾക്കായി മൈനിങ് & ജിയോളജി വകുപ്പ് നൽകി വരുന്ന സേവനങ്ങൾ ഓൺലൈനായി ലഭ്യമാകുന്നതിനുള്ള സംവിധാനം വകുപ്പിന്റെ e-Governance സംരംഭമായ KOMPAS portal-ൽ ഒരുക്കിയിട്ടുണ്ട്.<br><br>KOMPAS portal https://portal.dmg.kerala.gov.in എന്ന url ലൂടെയോ മൈനിങ് & ജിയോളജി വകുപ്പിന്റെ website (www.dmg.kerala.gov.in), dashboard (https://dashboard.kerala.gov.in) എന്നിവയിലൂടെയോ access ചെയ്യാവുന്നതാണ്. എന്നാൽ മൈനിങ് & ജിയോളജി വകുപ്പ് നൽകി വരുന്ന എല്ലാ സേവനങ്ങൾക്കും ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ വന്നിട്ടില്ല. ചെറുകിട ധാതുക്കളുടെ ഖനനാനുമതികളായ ക്വാറിയിംഗ് ലീസ്, ക്വാറിയിംഗ് പെർമിറ്റ് എന്നിവയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം മൈനിങ് & ജിയോളജി വകുപ്പിന്റെ e-Governance portal-ൽ ഒരുക്കിയിട്ടുണ്ട്.<br><br>ധാതുക്കൾ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള ഡീലേഴ്സ് ലൈസൻസ് (Dealer's Licence), മൈനിങ് & ജിയോളജി വകുപ്പിലെ Gem Testing Laboratory, Chemical Laboratory എന്നിവയിൽ നിന്നുമുള്ള Certificate, report-കൾ, കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായ ഭൂവികസന പ്രക്രിയയിലൂടെ ലഭ്യമാകുന്ന സാധാരണ മണ്ണ് ഗതാഗതം ചെയ്യുന്നതിനായി മൈനിങ് & ജിയോളജി വകുപ്പിൽ നിന്നും അനുവദിക്കുന്ന പ്രത്യേകാനുമതി എന്നിവ online ആയി ലഭ്യമാക്കുന്നതിനായി NIC തയ്യാറാക്കിയ module-കളുടെ security audit-നുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ക്വാറിയിംഗ് |

| | | | |
|---|---|---|---|
| | | | ലീസ്, ക്വാറിയിംഗ് പെർമിറ്റ് എന്നിവയുടെ renewal, Compounding of offences എന്നീ module -കളുടെ software NIC മുഖേന തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>ഒപ്പം മൈനിങ് & ജിയോജി വകുപ്പിന്റെ ഡയറക്ടറേറ്റിലും ജില്ലാ സ്ക്വാഡ് ആഫീസുകളിലും e-Officeസംവിധാനം ഒരുക്കിയിട്ടുമുണ്ട്. |
| (ബി) | മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ വിവിധ സേവനങ്ങൾക്കുള്ള അപേക്ഷ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കല്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | മൈനിങ് & ജിയോളജി വകുപ്പിൽ വിവിധ സേവനങ്ങൾക്കുള്ള അപേക്ഷ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെ ത്തുടർന്ന് ബന്ധപ്പെട്ട ജില്ലാ ആഫീസുകളിൽ കൂടുതൽ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കിക്കൊണ്ട് ആവശ്യമായ സ്ഥലപരിശോധ നടത്തി ഫയൽ അദാലത്തുകൾ സംഘടിപ്പിച്ച് ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ ഫയൽ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് കർശനമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ